തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# തിരു.സിറ്റിയിലെ ബഹു. മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ വിതരണം ചെയ്തു

കോവിഡ്-19

## വിലക്ക് ലംഘനം: 188 പേർക്കെതിരെ നിയമ നടപടി 32,400/- രൂപ പിഴ ഈടാക്കി



തിരുവനന്തപുരം:- തിരുവനന്തപുരം സിറ്റിയിലെ ബഹു. മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ വിതരണം ചെയ്തതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നവംബർ-1 ന് ഐക്യ കേരളപ്പിറവി ദിനത്തിൽ കേരള പോലീസ് രൂപീകരണ ദിനാചരണത്തിനോടനുബന്ധിച്ച് ബഹു.കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ സംസ്ഥാനതല മെഡൽദാന ചടങ്ങ് വീഡിയോ കോൺഫറൻസിലൂടെ ഉത്ഘാടനം നിർവ്വഹിച്ചു. ഈ സമയം തിരുവനന്തപുരം സിറ്റി കമ്മീഷണർ ഓഫീസിൽ വച്ച് സിറ്റി

കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ തിരുവനന്തപുരം സിറ്റിയിൽ പോലീസ് മെഡലുകൾ ലഭിച്ചവർക്ക് മെഡലുകൾ വിതരണം ചെയ്തു. തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസി.കമ്മീഷണർ സതീഷ്കുമാർ.എം.ആർ, റിസർവ്വ് ഇൻസ്പെക്ടർ രാജീവ്.റ്റി, റിസർവ്വ് സബ്ബ് ഇൻസ്പെക്ടർ ഷാജഹാൻ.എം, ഇൻസ്പെക്ടർ സിജു. കെ.എൽ. നായർ, വുമൺ സബ്ബ് ഇൻസ്പെക്ടർ ഗേളി.സി.എസ്, സബ്ബ് ഇൻസ്പെക്ടർ സന്തോഷ് കുമാർ.റ്റി, സബ്ബ് ഇൻസ്പെക്ടർ ശക്തി കുമാർ വി, സബ്ബ് ഇൻസ്പെക്ടർ സന്തോഷ്. എസ്. ആർ, സബ്ബ് ഇൻസ്പെക്ടർ ശാന്തിലാൽ, അസി. സബ്ബ് ഇൻസ്പെക്ടർ ഷിബു. വി, അസി. സബ്ബ് ഇൻസ്പെക്ടർ സാബു. എസ്, വുമൺ എസ്.സി.പി.ഒ. രാജലക്ഷമി എസ്, എസ്.സി.പി.ഒ. ജയകുമാർ ജി, എസ്.സി.പി.ഒ രാജേഷ് എസ്, അസി. സബ്ബ് ഇൻസ്പെക്ടർ ബിജു. എ, വുമൺ എസ്.സി.പി.ഒ ജയമേരി. എ, സി. പി. ഒ ഷിബു. എസ് എന്നിവരാണ് മെഡലുകൾ ഏറ്റുവാങ്ങിയത്. പ്രസ്തുത ചടങ്ങിൽ തിരുവനന്തപുരം സിറ്റി ഡപ്യൂട്ടി കമ്മീഷണർ (ലോ & ഓർഡർ) ഡോ. ദിവ്യ.വി. ഗോപിനാഥ്, ഡപ്യൂട്ടി കമ്മീഷണർ (അഡ്മിൻ& ക്രൈം) ആരിഫ് മുഹമ്മദ്, ഡപ്യൂട്ടി കമ്മീഷണർ (ടെമ്പിൾ) ഗോപകുമാർ, അസി.കമ്മീഷണർമാരായ സുൽഫിക്കർ എം.കെ, ഷീൻ തറയിൽ, ജെ.കെ.ദിനിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പൂർണ്ണമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരുന്നു പ്രസ്തുത ചടങ്ങുകൾ സംഘടിപ്പിച്ചത്.

## കോവിഡ്–19 സുരക്ഷ– കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (01–11–2020) പോലീസ് നടത്തിയ പരിശോധനയിൽ 188 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം

ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 18 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്– 2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 149 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 13 പേരിൽ നിന്നുമായി 32,400/– രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 5 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 3 കടകൾക്കുമെതിരെ ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
01–11–2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി